പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *122 | 04.12.2015 ൽ മറുപടിയ്ക്ക് |
| **പോഷകാഹാര വിതരണപദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. വി.എസ്.സുനിൽകുമാർ**<br>**" ഇ.ചന്ദ്രശേഖരൻ**<br>**" ഇ.കെ.വിജയൻ**<br>**ശ്രീമതി.ഗീതാ ഗോപി** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) പോഷകാഹാര വിതരണപദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ലെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുട്ടികൾക്കാണ് ആയതിന്റെ പ്രയോജനം ലഭിക്കാത്തത്; വ്യക്തമാക്കുമോ; | (എ) പോഷകാഹാര വിതരണ പദ്ധതിയിലൂടെ കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ലെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടില്ല. ഐ.സി.ഡി.എസ് പദ്ധതിയിലൂടെ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം, ആരോഗ്യ വിദ്യാഭ്യാസം എന്നിവ നൽകി വരുന്നു. ഒരു അങ്കണവാടിയുടെ പരിധിയിൽ വരുന്ന 3 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികളുടെയും തൂക്കം എല്ലാ മാസവും, 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളുടെ തൂക്കം മൂന്ന് മാസത്തിൽ ഒരിക്കൽ എടുക്കുകയും ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഗ്രോത്ത് ചാർട്ട് ഉപയോഗിച്ച് ഇവരുടെ വളർച്ചാ നിരീക്ഷണം നടത്തുകയും ചെയ്യുന്നു. ന്യൂനപോഷണമുള്ള കുട്ടികളെ വളർച്ചാ നിരീക്ഷണത്തിലൂടെ കണ്ടെത്തുകയും ന്യൂനപോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിലൂടെ പോഷകാഹാര വിതരണ പദ്ധതി കുട്ടികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നു. |
| (ബി) പോഷകാഹാര കുറവുമൂലം പ്രശ്നങ്ങളുള്ള കുട്ടികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) പോഷകാഹാര കുറവുമൂലം പ്രശ്നങ്ങളുള്ള കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടില്ല. ഇതു കുറഞ്ഞു വരുന്നതായി ഐ.സി.ഡി.എസ് സ്ഥിതി വിവര കണക്ക് കാണിക്കുന്നു. അങ്കണവാടികളിൽ എല്ലാ മാസവും 3 വയസ്സുവരെ |

| | |
|---|---|
| | പ്രായത്തിലുള്ള കുട്ടികളുടെ തൂക്കവും, മൂന്ന് മാസത്തിലൊരിക്കൽ 3 വയസ്സ് മുതൽ 6 വയസ്സുവരെ പ്രായ പരിധിയിലുള്ള കുട്ടികളുടെ തൂക്കവും എടുക്കുകയും ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഗ്രോത്ത് ചാർട്ടിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ലോകാരോഗ്യസംഘടന ഗ്രോത്ത് ചാർട്ടിലൂടെ പോഷകാഹാരക്കുറവ് മൂലം പ്രശ്നങ്ങളുള്ള കുട്ടികളെ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് നടപടി തുടർച്ചയായി ചെയ്തുവരുന്നു. കൂടാതെ പോഷകാഹാരക്കുറവ് മൂലം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ അമ്മമാരുടെ ഗർഭധാരണ സമയം മുതൽ അങ്കണവാടികൾ വഴി സേവനങ്ങൾ നൽകി വരുന്നു. |
| (സി) ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കാമോ ? | (സി) ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യമായി പോഷകാഹാരം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് വഴി അട്ടപ്പാടി സംയോജിത ശിശു വികസന പദ്ധതി പ്രദേശത്ത് അന്നപ്രദായിനി എന്ന പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ 175 അങ്കണവാടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6 മാസത്തിനും 3 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾ, 3 വയസ്സ് മുതൽ 6 വയസ്സുവരെ പ്രായമുള്ള പ്രീ-സ്കൂൾ കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, 60 വയസ്സിനു മേൽ പ്രായമായവർ, പദ്ധതി പ്രദേശത്തെ ഭിന്ന ശേഷിയുള്ളവർ, കിടപ്പിലായവർ എന്നിവർക്ക് അന്നപ്രദായിനി എന്ന ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി ഭക്ഷണ സാധനങ്ങൾ ഏറ്റെടുക്കൽ, പാചകം, വിതരണം, തുടങ്ങിയവയുടെ പൂർണ്ണമായ ചുമതല കുടുംബശ്രീ മിഷനെ ഏൽപ്പിച്ച് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ